# ആദിവാസി ടോറസ് സ്ട്രെയിറ്റ് ദ്വീപ് വോയിസിൽ ജനഹിത പരിശോധന

ഓസ്ട്രേലിയൻ ആളുകൾ പല രാജ്യങ്ങളിൽ നിന്നുള്ളവരും, പല വിശ്വാസങ്ങൾ ആചരിക്കുന്നവരും, പല ഭാഷകൾ സംസാരിക്കുന്നവരുമാണ്. ആദിവാസികളും ടോറസ് സ്ട്രെയിറ്റ് ദ്വീപ് നിവാസികളും 65,000 വർഷത്തിലേറെയായി ഇവിടെ താമസിക്കുന്ന ഓസ്ട്രേലിയയിലെ ആദ്യ ജനതയാണ്. എന്നാൽ ഓസ്ട്രേലിയയുടെ ഭരണഘടന അവരുടെ തനതായ പദവി അംഗീകരിക്കുന്നില്ല. അതുകൊണ്ടാണ് ഈ വർഷാവസാനം, ഒരു ജനഹിത പരിശോധനയിലൂടെ നമ്മുടെ ഭരണഘടനയിൽ മാറ്റം വരുത്തുന്നത് പരിഗണിക്കാൻ നമുക്ക് കഴിയുന്നത്. എല്ലാ ഓസ്ട്രേലിയക്കാർക്കും നമ്മുടെ ഭരണഘടനയിൽ ആദിവാസികളെയും ടോറസ് സ്ട്രെയിറ്റ് ദ്വീപ് നിവാസികളും തിരിച്ചറിയാൻ അവസരം ലഭിക്കും, അങ്ങിനെ അവരെ ബാധിക്കുന്ന വിഷയങ്ങളിൽ അവർ പറയുന്നത് കേൾക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നു.

## ഹൃദയത്തിൽ നിന്നുള്ള ഉലുരു പ്രസ്താവന (Uluru Statement from the Heart) എന്താണ്?

2017 മെയ് മാസത്തിൽ, 250 -ൽ അധികം ആദിവാസികളും ടോറസ് സ്ട്രെയിറ്റ് ദ്വീപ് നിവാസികളും ഹൃദയത്തിൽ നിന്ന് ഉലുരു പ്രസ്താവന പുറപ്പെടുവിച്ചു ഓസ്ട്രേലിയയ്ക്കെല്ലാം മികച്ച ഭാവി സൃഷ്ടിക്കാനും ഓസ്ട്രേലിയൻ ഭരണഘടനയിൽ ആദിവാസി, ടോറസ് സ്ട്രെയിറ്റ് ദ്വീപ് നിവാസികളെ ഉൾപ്പെടുത്താനും ഇത് ഞങ്ങളോട് ആവശ്യപ്പെടുന്നു.

## എന്താണ് ആദിവാസികളുടെയും ടോറസ് സ്ട്രെയിറ്റ് ദ്വീപ് നിവാസികളുടെയും വോയ്സ് ?

ആദിവാസികൾക്കും ടോറസ് സ്ട്രെയിറ്റ് ദ്വീപ് നിവാസികൾക്കും അവരെ ബാധിക്കുന്ന നിയമങ്ങളെയും നയങ്ങളെയും കുറിച്ച് സർക്കാരിനെ ഉപദേശിക്കാനുള്ള ഒരു മാർഗമാണ് ആദിവാസി ടോറസ് സ്ട്രെയിറ്റ് ദ്വീപ് വോയ്സ്

## എന്താണ് ജനഹിത പരിശോധന?

വോട്ടർമാരോട് ഒരു ചോദ്യത്തിനോ ചോദ്യങ്ങൾക്കൊ അതെ അല്ലെങ്കിൽ ഇല്ല എന്ന് ഉത്തരം നൽകാൻ ആവശ്യപ്പെടുന്നതാണ് ജനഹിത പരിശോധന. ഓസ്ട്രേലിയയുടെ ഭരണഘടന മാറ്റാനുള്ള ഏക മാർഗം ജനഹിത പരിശോധന വഴിയാണ്.

## ജനഹിത പരിശോധനയിൽ ആർക്കൊക്കെ വോട്ട് ചെയ്യാം?

വോട്ടർ പട്ടികയിൽ പേരുള്ള വർക്ക് മാത്രമേ ജനഹിത പരിശോധനയിൽ പങ്കെടുക്കാൻ കഴിയൂ. വോട്ടർ പട്ടികയിൽ പേരുള്ള വോട്ടർമാർ ജനഹിത പരിശോധനയിൽ വോട്ട് ചെയ്യേണ്ടത് നിർബന്ധമാണ്.

## ജനഹിത പരിശോധനയിൽ ഞാൻ എങ്ങനെ വോട്ട് ചെയ്യും?

ജനഹിത പരിശോധന തിരഞ്ഞെടുപ്പ് പോലെയാണ്. പോളിംഗ് ദിവസം, നിങ്ങൾക്ക് ഒരു പോളിംഗ് സ്ഥലത്ത് പോയി ഒരു ബാലറ്റ് പേപ്പറിൽ വോട്ട് ചെയ്യാം.



അധികാരപ്പെടുത്തിയത് Tabatha Feher, Life Without Barriers, L6, 107 Pitt St, Sydney, NSW.

## എങ്ങനെയാണ് ഒരു ജനഹിത പരിശോധന തീരുമാനിക്കുന്നത്?

ഒരു ജനഹിത പരിശോധന വിജയിക്കണമെങ്കിൽ ഇരട്ട ഭൂരിപക്ഷം വേണം. ഇതിനർത്ഥം കുറഞ്ഞത് നാല് സംസ്ഥാനങ്ങളിലും ഓസ്‌ട്രേലിയയിലുടനീളമുള്ള വോട്ടുകളുടെ ഭൂരിപക്ഷമാണ്.

## എപ്പോഴാണ് 'ആദിവാസികളുടെയും ടോറസ് സ്ട്രെയിറ്റ് ദ്വീപ് നിവാസികളുടെയും വോയ്സ്' ജനഹിത പരിശോധന നടക്കുക?

'ആദിവാസികളുടെയും ടോറസ് സ്ട്രെയിറ്റ് ദ്വീപ് നിവാസികളുടെയും വോയ്‌സ്' ജനഹിത പരിശോധന ഈ വർഷം അവസാനം നടക്കും.

## 'ആദിവാസികളുടെയും ടോറസ് സ്ട്രെയിറ്റ് ദ്വീപ് നിവാസികളുടെയും വോയ്‌സ്' ജനഹിത പരിശോധന എന്ത് ചോദ്യം ചോദിക്കും?

"ഒരു നിർദ്ദേശിക്കപ്പെട്ട നിയമം: ആദിവാസികളുടെയും ടോറസ് സ്ട്രെയിറ്റ് ദ്വീപ് നിവാസികളുടെയും വോയ്‌സ് സ്ഥാപിച്ച് ഓസ്‌ട്രേലിയയിലെ ആദ്യ ജനതയെ അംഗീകരിക്കുന്നതിന് ഭരണഘടനയിൽ മാറ്റം വരുത്തുക. ഈ നിർദ്ദേശിച്ച മാറ്റം നിങ്ങൾ അംഗീകരിക്കുന്നുണ്ടോ?"

## ആരാണ് ഈ വിവര പത്രിക ഉണ്ടാക്കിയത്?

Life Without Barriers, Reconciliation Australia, SNAICC – National Voice for our children, the Yes Alliance, Polaron Language Services എന്നിവയുടെ സംയുക്ത ശ്രമം കൊണ്ടാണ് ഈ വിവര പത്രിക ഉണ്ടാക്കിയത്. ആദിവാസികളുടെയും ടോറസ് സ്ട്രെയിറ്റ് ദ്വീപ് നിവാസികളുടെയും വോയ്‌സ് ആയി ബന്ധപ്പെട്ട വിവരങ്ങൾ ആക്സസ് ചെയ്യാൻ സഹായിക്കുന്നതിനാണ് ഈ പങ്കാളിത്തം രൂപീകരിച്ചത്.

**കൂടുതൽ വിവരങ്ങൾ**

www.lwb.org.au



അധികാരപ്പെടുത്തിയത് Tabatha Feher, Life Without Barriers, L6, 107 Pitt St, Sydney, NSW.